# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2901 07.02.2018 ലെ മറുപടിയ്ക്ക്

## കോട്ടിക്കുളം സ്റ്റേഷനു സമീപം റെയിൽഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് സാമ്പത്തികാനുമതി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ കോട്ടിക്കുളം സ്റ്റേഷനു സമീപം റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഉണ്ട്. കൊട്ടിക്കുളം ആർ.ഒ.ബി-യുടെ നിർമ്മാണത്തിന് ജി.ഒ.(ആർ.റ്റി) നം.132/2017/പി.ഡബ്ല്യു.ഡി.തീയതി 04.02.2017 പ്രകാരം 23.97 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 16.05.2017-ലെ ഉത്തരവ് നം APRI/76/2017/KIIFB പ്രകാരം കിഫ്ബി ഈ പദ്ധതിയ്ക്ക് 19.60 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ആർ.ബി.ഡി.സി.കെ. ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഇല്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയുകയുള്ളൂ. |
| (സി) അനുമതി നൽകി മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി ടെൻണ്ടർ ചെയ്യാതിരിക്കാനുള്ള കാരണം വിശദമാക്കുമോ? | (സി) പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലത്തിന്റെ ഭൂരിഭാഗവും റെയിൽവേ നേരത്തേ ഏറ്റെടുത്തിട്ടുണ്ട്. ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ ആർ.ബി.ഡി.സി.കെ. 06.07.2017-ന് കാസർഗോഡ് കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂമിഏറ്റെടുക്കുന്നതിനുള്ള നടപടികൾ കളക്ടർ സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ ജനറൽ അറേയ്ഞ്ച്മെന്റ് ഡ്രോയിംഗ് (ജിഎ.ഡി.)റയിൽവേയുടെ അംഗീകാരത്തിനായി 16.02.2017-ന് സമർപ്പിക്കുകയും റെയിൽവേ 02.01.2018-ൽ അംഗീകാരം നൽകിയിട്ടുമുണ്ട്. ഈ പദ്ധതി റെയിൽവേയുടെ കോസ്റ്റ് ഷെയറിംഗ് സ്കീമിൽ ഉൾപ്പെട്ടതായ- |

തിനാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് റെയിൽവേയുടെ അംഗീകാരത്തിനായി 07.06.2017-ന് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ ആർ.ബി.ഡി.സി.കെ-യ്ക്ക് നിർമ്മാണം നടത്തുന്നതിനുള്ള എൻ.ഒ.സി.നൽകാൻ 30.01.2018-ൽ എറണാകുളത്ത് നടന്ന കോ-ഓർഡിനേഷൻ മീറ്റിംഗിൽ ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൽവേയുടെ എൻ.ഒ.സി. ലഭിച്ചു കഴിഞ്ഞാൽ മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

S. Brinda

**സെക്ഷൻ ഓഫീസർ**